**ഭരണഭാഷ-മാതൃഭാഷ**

നം. WCD-A2-10439/20

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 16-08-2021
ഇ-മെയിൽdirectorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

# <u>പരിപത്രം</u>

വിഷയം: വനിത ശിശു വികസന വകുപ്പ് – ഡയറക്ടറേറ്റ് -2020-21 സാമ്പത്തിക വർഷത്തെ റീകൺസിലിയേഷൻ നടത്തുന്നത് - സംബന്ധിച്ച്.

സൂചന: അക്കൗണ്ടന്റ് ജനറലിന്റെ 19.05.2020 തീയതിയിലെ DAE-01/A/G1/Recon/2019 നമ്പർ കത്ത്.

കീഴ്കാര്യാലയ മേധാവികൾ അയയ്ക്കുന്ന DORE പരിശോധിച്ചതിൽ നിരന്തരം ഗുരുതരമായ വീഴ്ചകളാണ് കണ്ടെത്തുന്നത്. അക്കൗണ്ടന്റ് ജനറലിൽ നിന്നുള്ള റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റും കീഴ്കാര്യാലയ മേധാവികൾ രേഖപ്പെടുത്തുന്ന DORE Statement ഉം പൊരുത്തപ്പെടാത്തതുകാരണം വകുപ്പിന്റെ അക്കൗണ്ട് ശീർഷകങ്ങളിൽ ഉണ്ടാകുന്ന യഥാർത്ഥ ചെലവ് കണക്കുന്നതിൽ പിഴവ് ആവർത്തിച്ചു കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ കീഴ് കാര്യാലയ മേധാവികൾ കുറ്റമറ്റ രീതിയിൽ DORE Statement തയ്യാറാക്കി നിശ്ചിത തീയതിയ്ക്കുള്ളിൽ e-Jeevika Software ൽ upload ചെയ്യുന്നതിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ബിംസിലെ റീകൺസിലേഷൻ മൊഡ്യൂളിൽ നിന്നും TRN ലെ അവസാനത്തെ അഞ്ചക്കം ബില്ലുകളുമായി ഒത്തുനോക്കി e-jeevika software ൽ ട്രഷറി വൗച്ചർ നമ്പരായി രേഖപ്പെടുത്തേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുവാൻ പാടുള്ളതല്ല.

GB

2. ട്രഷറി മുഖേന മാറുന്ന എല്ലാ ബില്ലുകളും DORE ൽ ചേർത്തിട്ടുണ്ടെന്ന് കാര്യാലയ മേധാവികൾ വ്യക്തിപരമായി ഉറപ്പാക്കേണ്ടതാണ്.
3. ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള Head of Account ൽ നിന്നും മാത്രമേ ബില്ലുകൾ മാറാൻ പാടുള്ളൂ. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് സാമ്പത്തിക അച്ചടക്ക രാഹിത്യമായി കണക്കാക്കുന്നതാണ്.
4. ബില്ലുകൾ ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും മാറുന്നുവോ ആ ഹെഡ് ഓഫ് അക്കൗണ്ട് തന്നെ DORE യിലും രേഖപ്പെടുത്തിയെന്ന് കാര്യാലയ മേധാവി ഉറപ്പുവരുത്തേണ്ടതാണ്.

01.04.2020 മുതൽ e-jeevika മുഖേന update ചെയ്തിട്ടുള്ള എല്ലാ DORE Statement കളും ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ കീഴ്കാര്യാലയ. മേധാവികൾ ഒന്നുകൂടി പരിശോധിച്ച് അപാകതകൾ കാണുന്ന പക്ഷം താഴെപ്പറയുന്ന സമയപരിധിക്കുള്ളിൽതന്നെ upload ചെയ്യുവാൻ കർശനമായി നിർദ്ദേശിക്കുന്നു. ജില്ലാ വനിത ശിശുവികസന ഓഫീസർമാർ ഇക്കാര്യം സൂക്ഷ്മമായി പരിശോധിച്ച് DORE Statement കൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പ്രതിമാസം ലഭ്യമാകുന്ന DORE Statement കളുടെ കൃത്യത ഉറപ്പു വരുത്തേണ്ട ചുമതല ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കായിരിക്കും.

ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി e-jeevika മുഖേന DORE സമർപ്പിക്കുന്ന പക്ഷം അക്കാര്യം വളരെ ഗൗരവപൂർവ്വം വീക്ഷിക്കുന്നതയിരിക്കും പ്രതിമാസ ജില്ലാതല Review Meeting ൽ DORE അജണ്ടയായി ചർച്ച ചെയ്ത് അപാകത പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ ഓഫീസർമാർ നൽകേണ്ടതാണ്. വിവരങ്ങൾ update ചെയ്യുന്നതിനായി e-jeevika Software 24-08-2021 മുതൽ unlock ചെയ്യുന്നതും 27-08-2021 ന് 5 pm ന് lock ചെയ്യുന്നതുമാണ്.

GB

ഡയറക്ടറേറ്റിലെ ബിൽ സെക്ഷനം എല്ലാമാസവും 5-ാം തീയതിയ്ക്കു മുൻപായി DORE e-jeevika Software ൽ Upload ചെയ്യേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
ബിൽ സെക്ഷനം
സ്റ്റോക്ക് ഫയൽ

GB